**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **03-02-2026 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദസഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | (എ) | ടൂറിസം മേഖലയിലെ പ്രധാന ശാഖയായ സാഹസിക ടൂറിസം സംസ്ഥാനത്തും വളർച്ച നേടിയിട്ടുണ്ട് . സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി സാഹസിക ടൂറിസം മേഖലയിൽ സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈൻസ് തയ്യാറാക്കിയിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സാഹസിക ടൂറിസം യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ സമ്പ്രദായം കൊണ്ടുവന്നു. സാഹസിക ടൂറിസം കേന്ദ്രങ്ങൾ ടൂറിസം വകുപ്പ്, ഡി.റ്റി.പി.സി എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുകയും ചെയ്യുന്നു. നൂതന സാഹസിക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളം എല്ലാവിധത്തിലുമുള്ള അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾക്കും പറ്റിയതാണെന്ന് വിനോദസഞ്ചാരികൾക്ക് മനസ്സിലാക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ അന്തർദേശീയ ഫെസ്റ്റിവലുകളും മത്സരങ്ങളും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി . ഇതോടൊപ്പം ഹൈക്കിംഗ്, ട്രക്കിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക മാപ്പുകളും തയ്യാറാക്കുന്നു. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് സാഹസിക ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്; | (ബി) | സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ അംഗീകാരത്തോടെ വിവിധ മേഖലകളിൽ സാഹസിക ടൂറിസം (Adventure Tourism) കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു . നിലവിൽ സംസ്ഥാനത്ത് 3 വിധത്തിലുള്ള സാഹസിക ടൂറിസം ആക്ടിവിറ്റികളാണ് നടത്തി വരുന്നത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു . |

| | | | |
|---|---|---|---|
| | | | **കര സാഹസിക ടൂറിസം ആക്ടിവിറ്റികൾ :-** കരയുമായി ബന്ധപ്പെട്ട ട്രക്കിംഗ്, റോക്ക് ക്ലൈബിങ്, ഹൈക്കിങ്, സൈക്ലിങ്, സിപ് ലൈൻ, റോപ്പ് ആക്ടിവിറ്റീസ്, എ. ടി. വി. റൈഡ് മുതലായവ<br><br>**ജല സാഹസിക ടൂറിസം ആക്ടിവിറ്റികൾ :-** സെയിലിംഗ്, സർഫിങ്, കയക്കിങ്, റാഫ്റ്റിങ്, ബോട്ടിങ്, പാരസെയിലിംഗ്, സ്കൂബഡൈവിങ് വാട്ടർ സ്പോർട്സ് ഫൺ റൈഡ്സ്.<br><br>**വ്യോമ സാഹസിക ടൂറിസം ആക്ടിവിറ്റികൾ :-**<br><br>പാരാഗ്ലൈഡിങ്, പാരാമോട്ടോറിങ് |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിൽ സുരക്ഷാക്രമീകരണങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സാഹസിക വിനോദസഞ്ചാര മേഖലയിൽ സുരക്ഷ ഉറപ്പാക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി കേരള സർക്കാർ രൂപീകരിച്ച സ്ഥാപനമാണ് Kerala Adventure Tourism Promotion Society (KATPS). Kerala Adventure & Activity Based Tourism Safety and Security മാർഗനിർദ്ദേശങ്ങൾ സാഹസിക വിനോദസഞ്ചാരം ഉത്തരവാദിത്തപരവും വിശ്വാസ യോഗ്യവുമാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ചുവടെച്ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എല്ലാ സാഹസിക വിനോദസഞ്ചാര ഓപ്പറേറ്റർമാരും KATPS-ൽ രജിസ്റ്റർ ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലൈസൻസ് ലഭിച്ച സ്ഥാപനങ്ങൾക്കു മാത്രമേ സാഹസിക പ്രവർത്തനങ്ങൾ നടത്താൻ അനുമതിയുള്ളു. ഈ ലൈസൻസ് കാലാവധിക്കുള്ളിൽ പുതുക്കുന്നതും നിർബന്ധമാണ്. ഇതുവഴി അനധികൃതവും സുരക്ഷിതമല്ലാത്തതുമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സാധിക്കുന്നു.<br><br>സാഹസിക വിനോദ പ്രവർത്തനങ്ങൾ നയിക്കുന്നത് പരിശീലനം ലഭിച്ച ഗൈഡുകളും ഇൻസ്ട്രക്ടർമാരുമാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫസ്റ്റ് എയ്ഡ്, CPR, റെസ്ക്യൂ ഓപ്പറേഷൻ എന്നിവയിൽ സർട്ടിഫിക്കേഷൻ നേടിയവരെ മാത്രമേ നിയോഗിക്കാവൂ. സുരക്ഷ ഉറപ്പാക്കുന്നതിനായി ഇവർക്കായി സ്ഥിരമായി റിഫ്രഷർ പരിശീലനങ്ങളും KATPS നടത്തിവരുന്നു.<br><br>പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ളതായിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഹെൽമറ്റ്, ഹർണസ്, ലൈഫ് |

| | | | |
|---|---|---|---|
| | | | ജാക്കറ്റ്, റോപ്പ് തുടങ്ങിയ എല്ലാ സുരക്ഷാ ഉപകരണങ്ങളും ISI / UIAA / CE മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം. ഉപകരണങ്ങളുടെ സ്ഥിരമായ പരിശോധനയും കേടായവ ഉടൻ മാറ്റിസ്ഥാപിക്കുന്നതും നിർബന്ധമാക്കുന്നുണ്ട്.<br><br>പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് വിനോദസഞ്ചാരികൾക്ക് വിശദമായ സുരക്ഷാ നിർദേശങ്ങൾ നൽകണം. പ്രവർത്തനത്തിന്റെ സ്വഭാവം, അപകടസാധ്യതകൾ, പാലിക്കേണ്ട നിയമങ്ങൾ എന്നിവ വ്യക്തമായി വിശദീകരിക്കേണ്ടതാണ്. ഓരോ സാഹസിക പ്രവർത്തനത്തിനും നിശ്ചയിച്ച പ്രായ-ആരോഗ്യ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം. മദ്യമോ ലഹരിമരുന്നുകളോ ഉപയോഗിച്ചവരെ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്.<br><br>അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി എല്ലാ സാഹസിക വിനോദ കേന്ദ്രങ്ങളിലും വ്യക്തമായ രക്ഷാപദ്ധതി തയ്യാറാക്കുവാനും നിർദ്ദേശിക്കുന്നുണ്ട്. ഫസ്റ്റ് എയ്ഡ് കിറ്റുകൾ, ആശയവിനിമയ ഉപകരണങ്ങൾ, പരിശീലനം ലഭിച്ച റെസ്ക്യൂ ടീം എന്നിവയും ഒരുക്കണം. സമീപത്തെ ആശുപത്രികൾ, ഫയർഫോഴ്സ്, വനംവകുപ്പ്, ദുരന്തനിവാരണ വിഭാഗം എന്നിവയുമായി ഏകോപനം നിർബന്ധമാക്കുന്നുണ്ട്. ഗ്ലാസ് ബ്രിഡ്ജ് , ഫ്ലോട്ടിംഗ് ബ്രിഡ്ജ് എന്നിവയുടെ സുരക്ഷാ പരിശോധനയ്ക്ക് പ്രത്യേക വിദഗ്ദസംഘം തന്നെ രൂപീകരിച്ചിട്ടുണ്ട്.<br><br>കാലാവസ്ഥാ വ്യതിയാനങ്ങൾ സാഹസിക വിനോദസഞ്ചാരത്തിൽ വലിയ സ്വാധീനം ചെലുത്തുന്നതിനാൽ പ്രതികൂല കാലാവസ്ഥയിൽ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചും, പരിസ്ഥിതി സംരക്ഷണ മാർഗനിർദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടുമാണ് സാഹസിക വിനോദസഞ്ചാരം നടത്തി വരുന്നത് . പുതിയ സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഉതകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ് . അതോടൊപ്പം സുരക്ഷാ ക്രമീകരണങ്ങൾക്ക് നിരന്തര പരിശോധന സംവിധാനം ഒരുക്കുന്നത് കൂടി പരിഗണനയിൽ ഉണ്ട് . |

സെക്ഷൻ ഓഫീസർ